**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5034</u>** **<u>04-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ടൂറിസം മേഖലയുടെ വികസനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സീസൺ എന്ന സങ്കല്പം ഒഴിവാക്കി വർഷം മുഴുവനും വിനോദസഞ്ചാരികൾക്ക് വന്നുപോകാൻ കഴിയുന്ന മേഖലയാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | വിനോദസഞ്ചാര മേഖലയിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കാനുള്ള നിരവധി പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്നത്. അതിന്റെ ആദ്യ പടിയായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ടൂറിസം സീസൺ രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. ഒരു വർഷത്തെ ടൂറിസം ഉത്സവ ആഘോഷങ്ങൾ സംബന്ധിച്ച കലണ്ടർ മുൻകൂറായി പ്രസിദ്ധീകരിക്കുകയും അതനുസരിച്ചുള്ള പ്രചരണ ക്യാംപെയിൻ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഓണാഘോഷം, ചാമ്പ്യൻസ് ബോട്ട് ലീഗ് തുടങ്ങിയവ അന്താരാഷ്ട്ര സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രചരണം നടത്തുന്നുണ്ട്. ബീച്ച് ടൂറിസം, സാഹസിക ടൂറിസം എന്നിവ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ്സ് ബ്രിഡ്ജ് മുതലായ പദ്ധതികൾക്കൊപ്പം ബേപ്പൂർ ഫെസ്റ്റ്, കയാക്കിംഗ് ഫെസ്റ്റ് സർഫിംഗ്, പാരാഗ്ലൈഡിംഗ് തുടങ്ങിയ സാഹസിക വിനോദ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഹെറിറ്റേജ് ടൂറിസം സർക്യൂട്ടുകൾ, ലിറ്റററി സർക്യൂട്ടുകൾ, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. മൺസൂൺ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വയനാട്ടിൽ മഡ് ഫെസ്റ്റ് ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. |
| (ബി) | പ്രത്യേകമായ വിനോദ സഞ്ചാരകേന്ദ്രങ്ങൾ എന്നതിൽ നിന്നും സംസ്ഥാനത്തെ മുഴുവനായി ഒരു വിനോദ സഞ്ചാര മേഖലയായി വികസിപ്പിക്കുന്ന സമീപനത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | കേരളത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കിമാറ്റുന്നതിനുള്ള വൈവിധ്യമാർന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇതിനായി അടിസ്ഥാന സൗകര്യ വികസന രംഗത്തും ഹോസ്പിറ്റാലിറ്റി മേഖലയിലും പ്രചരണ രംഗത്തും നൂതനമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരളത്തിന്റെ സാധ്യതകൾ പരിശോധിയ്ക്കുകയും |

| | | | |
|---|---|---|---|
| | | | അവ ടൂറിസം ആകർഷണങ്ങളാക്കി മാറ്റുകയും ചെയ്യുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതും ഹെലിടൂറിസം, വെഡ്ഡിങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പിലാക്കുന്നതും ഈ ലക്ഷ്യം മുന്നിൽ കണ്ടാണ്. ടൂറിസം കോറിഡോർ വികസനം ഇതിലേയ്ക്കുള്ള പ്രധാന ചുവടുവയ്പാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്. കൂടാതെ റെസ്പോൺസിബിൾ ടൂറിസം എന്ന ആശയം അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പിരിയൻഷ്യൽ ടൂറിസം, ഫാം/ അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആയോധന കലകളുടെ പ്രോത്സാഹനം എന്നിവ നടപ്പിലാക്കി വരുന്നു. ഈ നിലയിൽ കേരളത്തെ ഒരു ടൂറിസം ഹബ്ബായി പടിപടിയായി ഉയർത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം.<br><br>ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി പ്രാദേശിക ഡെസ്റ്റിനേഷനുകൾ വളർത്തിക്കൊണ്ടുവരുവാൻ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഓരോ പഞ്ചായത്തിലും ഒരു ഡെസ്റ്റിനേഷൻ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സഞ്ചാരികൾക്ക് കുറഞ്ഞ സമയത്തിനുള്ളിൽ മേഖലയിലെ കൂടുതൽ കാഴ്ചകൾ സാധ്യമാക്കുന്നതിനുദ്ദേശിച്ചുകൊണ്ട് നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; | (സി) | സംസ്ഥാനത്ത് കുറഞ്ഞ സമയത്തിനുള്ളിൽ മേഖലയിലെ കൂടുതൽ കാഴ്ചകൾ കാണുന്നതിനും ആസ്വദിക്കുന്നതിനും വേണ്ടി ഹെലി ടൂറിസം പ്രൊജക്റ്റ് കേരള ടൂറിസം ഒരു പ്രധാന ആശയമായി നടപ്പാക്കിയിട്ടുണ്ട് . |
| (ഡി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലും അനുബന്ധ റോഡുകളിലും വൃത്തിയും ശുചിത്വവുമുള്ള വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുമോ; വ്യക്തമാക്കുമോ? | (ഡി) | കേരളം സന്ദർശിക്കുന്ന വിദേശ സ്വദേശ വിനോദ സഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>സംസ്ഥാനത്തെ പ്രധാന ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി കോവളം, ശംഖുമുഖം, വർക്കല, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി യഥാക്രമം രൂപ 3,66,83,104/-, 2,01,48,812/-, 3,72,40,171/-, 2,82,07,491/- എന്നീ തുകകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ടൂറിസം കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് സൗകര്യം ഉൾപ്പെടെ സാധ്യമാക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്ഥാപിക്കുന്നതുവഴി മെച്ചപ്പെട്ട ശൗചാലയ സൗകര്യങ്ങൾ ഒരുക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ